FirstRanker.com
Firstranker's choice
www.FirstRanker.com www.FirstRanker.com

This question paper consists of 30 questions and 7 printed pages.

Roll No. | | | | | | | | | | | | |
റോൾ നമ്പർ

Code No. 54/S/A/MM
കോഡ് നമ്പർ

Set - A

# MALAYALAM
## മലയാളം
## (232)

Day and Date of Examination
(പരീക്ഷാ ദിവസവും തീയതിയും) ____________________

Signature of Invigilators 1. ____________________
(ഇൻവിജിലേറ്ററിന്റെ ഒപ്പ്)
2. ____________________

**പൊതുവായ നിർദ്ദേശങ്ങൾ :**

1 പരീക്ഷാർത്ഥികൾ അവരുടെ റോൾ നമ്പർ ചോദ്യപേപ്പറിന്റെ ആദ്യ പേജിൽ എഴുതേണ്ടതാണ്.

2 ആദ്യപേജിൽ പ്രിൻറുചെയ്തിരിക്കുന്ന വിവരങ്ങൾക്കനുസൃതമായി പേജുകളും ചോദ്യങ്ങളും ചോദ്യപേപ്പറിൽ അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ചോദ്യങ്ങൾ ക്രമമായി പ്രിൻറുചെയ്തിട്ടുണ്ടോ എന്നും ഉറപ്പുവരുത്തേണ്ടതാണ്.

3 ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ട ചോദ്യങ്ങൾക്ക് **(A), (B), (C), (D)** എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് ഉത്തര പുസ്തകത്തിൽ എഴുതേണ്ടതാണ്.

4 ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടത് ഉൾപ്പെടെ എല്ലാ ചോദ്യങ്ങളുടേയും ഉത്തരം അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ തന്നെ എഴുതേണ്ടതാണ്.

5 ഉത്തരപുസ്തകത്തിൽ ഏതെങ്കിലും അടയാളങ്ങൾ ഇടുകയോ, നിശ്ചയിച്ചിരിക്കുന്ന സ്ഥാനത്തൊഴികെ ഉത്തരപുസ്തകത്തിന്റെ ഏതെങ്കിലും ഭാഗത്ത് റോൾ നമ്പർ എഴുതുകയോ ചെയ്യുന്നത് പരീക്ഷാർത്ഥികളുടെ അയോഗ്യതയായി പരിഗണിക്കുന്നതാണ്.

6 ഉത്തരപുസ്തകത്തിന്റെ പുറത്ത് ചോദ്യപേപ്പറിന്റെ കോഡ് നമ്പർ **54/S/A/MM-A** എഴുതേണ്ടതാണ്.



www.FirstRanker.com

FirstRanker.com
Firstranker's choice
www.FirstRanker.com www.FirstRanker.com

# MALAYALAM

**മലയാളം**

**(232)**

സമയം : **3** മണിക്കൂർ മാർക്ക് : **100**

---

**കുറിപ്പ് :** (1) എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

(2) ഒന്നു മുതൽ പതിനൊന്നുവരെ ചോദ്യങ്ങൾക്ക് A, B, C, D എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തങ്ങളിൽ നിന്നു് ശരിയായത് തിരഞ്ഞെടുത്ത് എഴുതിയാൽ മതിയാകും.

---

**1** വേദവും കാര്യവും ശാസ്ത്രവുമെല്ലാം ഹൃദയത്തിൽ പതിയണമെങ്കിൽ എന്തു ചെയ്യണമെന്നാണു് വള്ളത്തോൾ പറയുന്നത്? **11×1=11**

(A) സ്വഭാഷതൻ വക്ത്രത്തിൽ നിന്നു കേൾക്കണം

(B) പാണ്ഡിത്യഭിക്ഷയ്ക്കു് തയ്യാറാവണം

(C) ആലസ്യത്തിന്നു നവാപാകബ്ദു നൽകണം

(D) അന്യഭാഷാബ്ധിയിൽ ആണ്ടുമുങ്ങണം

**2** 'വെളുക്കാൻ തേച്ച് പാണ്ഡു പിടിക്കും പോലെ' എന്ന് വി.ടി. ഭട്ടതിരിപ്പാട് വിശേഷപ്പിച്ചിരിക്കുന്നതു് എന്തിനെ?

(A) ഏത്തം മുട്ടലിനെ

(B) കുട്ടികളോടു കാട്ടുന്ന കഠിനതകളെ

(C) ഔപാസനത്തെ

(D) വൈദികക്രിയകളെ



www.FirstRanker.com

FirstRanker.com
Firstranker's choice
www.FirstRanker.com www.FirstRanker.com

3 ഓണമായിട്ടും ചന്തയ്ക്കു പോകാത്തതുകൊണ്ട് വാങ്ങാതിരുന്നതു് എന്തു്?

(A) നേന്ത്രക്കാ (B) പന്ത്

(C) അട (D) താലി

4 മജിസ്രേട്ട് പരബ്രഹ്മയ്യരെ കുതിരവട്ടത്തേക്ക് അയക്കുവാൻ കാരണമെന്തു്?

(A) മജിസ്ട്രേട്ടിന് സലാം കൊടുത്തുതുകൊണ്ട്.

(B) അംശം അധികാരിയേകൂടി പേടിക്കാത്തതുകൊണ്ട്.

(C) മജിസ്ട്രേട്ടിന് ആവലാതി കൊടുത്തതുകോണ്ട്.

(D) അടിസ്ഥാനരഹിതമായ ആരോപണം ഉന്നയിച്ചതുകൊണ്ട്.

5 കൃഷ്ണന്റെ സ്പർശനം കൊണ്ട് കോൾമയിർകൊണ്ടു നിന്നതായി കല്പിച്ചിരിക്കുന്നതു് ആരെ?

(A) പിച്ചകത്തെ (B) കുന്ദത്തെ

(C) അത്തിയെ (D) കൈതയെ

6 “കല്യാണമിതുമൂലം വന്നുകൂടിടുമല്ലോ” എന്ന് വിശ്വാമിത്രൻ പറഞ്ഞത് എപ്പോൾ?

(A) വിൽമുറിഞ്ഞ ഒച്ചകേട്ടപ്പോൾ

(B) ചന്ദ്രശേഖരന്റെ പള്ളിവില്ലു കണ്ടപ്പോൾ

(C) വില്ലെടുക്കാമോ, കുലച്ചിടാമോ എന്ന ശ്രീരാമൻ ചോദിച്ചപ്പോൾ

(D) മൈഥിലി സ്വർണഭൂഷണമണിഞ്ഞപ്പോൾ

7 “എന്നിട്ടുമോട്ടെ പുറത്തുട്ടിയുള്ളു, ഒന്നേ പുറത്തുട്ടിയുള്ളു”- പുറത്തുട്ടിയത് ഏത്?

(A) നളചരിതം ആട്ടക്കഥ

(B) വാരിയകത്തുട്ടിയത്

(C) നളപാകകാരനെ

(D) വാരിയും കോരിയും ഊട്ടിയതു്.



www.FirstRanker.com

FirstRanker.com
Firstranker's choice
www.FirstRanker.com www.FirstRanker.com

**8** ശിശുപരിപാലനത്തിൽ ഏറ്റവും ശ്രദ്ധിക്കേണ്ട കാര്യം ഏതു്?

(A) വാത്സല്യത്തോടെ വളർത്തണം.

(B) നടപ്പും പെരുമാറ്റവും ശ്രദ്ധിക്കണം.

(C) അച്ഛനമ്മമാർ തമ്മിലെ സ്നേഹകുറവു മക്കളെ അറിയിക്കരുത്.

(D) സ്വഭാവരൂപവൽകരണത്തിനു ചെറുപ്പത്തിലെ ശ്രദ്ധിക്കണം.

**9** "ചിന്നിയ പൂങ്കലകളാം പട്ടുതോങ്ങൽ"- എന്നതിലെ അലങ്കാരം എന്തു്?

(A) രൂപകം (B) ഉപമ

(C) ഉൽപ്രേക്ഷ (D) അതിശയോക്തി

**10** താഴെ പറയുന്നവയിൽ കൂട്ടത്തിൽ ചേരാത്തത് ഏതു്?

(A) ആന + കൊമ്പ് = ആനകൊമ്പ്

(B) പൂ + ആട = പൂവാട

(C) വളരെ + പേർ = വളരെപ്പേർ

(D) കാല + പഴകം = കാലപ്പഴക്കം

**11** ബാലിയിലെ തറവാട്ടുവളപ്പുകളിൽ കാണുന്ന 'മേരു'കൾ എന്താണ്?

(A) പിതൃകൾക്കു സങ്കല്പിച്ചു വച്ചിരിക്കുന്ന ഓലപ്പുരകൾ

(B) ബാലിയിലെ കുന്നിൻചെരുവുകൾ

(C) ബാലിയിലെ കുണ്ടനിടവഴികൾ

(D) മൺമതിലുകൾ

**12** അർത്ഥമെഴുതി സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക: **2+2=4**

(i) ഉല്ലാസഭരിതർ

(ii) അസ്തിവാരമിടുക



www.FirstRanker.com

FirstRanker.com
Firstranker's choice
www.FirstRanker.com www.FirstRanker.com

13 മൈഥിലി മയിൽപ്പേട പോലെ സന്തോഷം പൂണ്ടാൾ അലങ്കാരം എന്ത്? 2

14 രാവണൻ ദുരഹങ്കാരിയായിത്തീർന്നത് എങ്ങനെ? 2

15 മതപ്പോര് അവസാനപ്പിക്കാൻ നാരായണഗുരു ഉപദേശിക്കുന്ന മാർഗം എന്ത് 2

16 ദിവ്യമായ അഴകിനെ വർണിക്കാൻ തുടങ്ങിയപ്പോൾ തനിക്കുണ്ടായ അനുഭവം ചങ്ങമ്പുഴ വിവരിക്കുന്നത് എങ്ങനെ? 3

17 കഥകളിയിലെ കേളികൊട്ട് എന്ന ചടങ്ങിന്റെ പ്രത്യേകത എന്ത്? 3

18 മനുഷ്യൻ മരങ്ങളോട് കാട്ടിയ നന്ദികേടായി സുഗതകുമാരി സൂചിപ്പിക്കുന്നത് എന്തെല്ലാം? 3

19 കവിയുടെ മനസ്സിനെ സ്ഫടികപ്രാത്രത്തെ എന്നപോലെ തകർത്ത കാഴ്ചയായി 'പെങ്ങൾ' എന്ന കവിതയിൽ വിവരിക്കുന്നത് എന്ത്? 3

20 അച്ഛനോടുള്ള പ്രതികാരാവേശം വി.ടി,. പ്രകടമാക്കിയത് എങ്ങനെ? 3

21 നെയ്പ്പായസം എന്ന കഥയിൽ ചിത്രീകരിക്കുന്ന ദാമ്പദ്യത്തിന്റെ പ്രത്യേകത എന്ത്? 4

22 ഇന്ത്യയുടെ നാനാത്വം പ്രകടമാക്കുന്നത് എതെല്ലാം കാര്യങ്ങളിലാണ്? 4



www.FirstRanker.com

FirstRanker.com
Firstranker's choice
www.FirstRanker.com www.FirstRanker.com

23 കണ്ണന്റെ രൂപം ഗോപികമാർ വർണ്ണിക്കുന്നതു് എങ്ങനെ? 4

24 ഡയറിക്കുറിപ്പുകൾ തയാറാക്കേണ്ടത് എങ്ങനെ? 5

25 വായിച്ച ഒരു പുസ്തകം പരിചയപ്പെടുത്തി സുഹൃത്തിനു് കത്തു് തയാറാക്കുക. 5

26 ആശയം വികസിപ്പിച്ച് ഒരു ഖണ്ഡിക എഴുതുക. 5

'വിളക്കു കൈവശമുള്ളവനെങ്ങും വിശ്വം ദീപമയം'

27 'വളർത്തുമൃഗങ്ങൾ' എന്ന കഥയിൽ ചിത്രീകരിച്ചിരിക്കുന്ന സർക്കസ് കൂടാരത്തിലെ ജീവിതത്തെകുറിച്ചു് വിവരിക്കുക. 5

28 താഴെ കൊടുത്തിരിക്കുന്ന പദ്യഭാഗത്തിനു് പരാവർത്തനം തയാറാക്കുക. 10

തിരുമുടി ജടയുടെ നടുവിൽ വിളങ്ങി
പരിചോടു കാണുവതെന്തോരു വസ്തു
ഹരനങ്ങൾ ചെയ്തിതു നമ്മുടെ ജടയിൽ
പെരുകിനവെള്ളം വേർപെടുകയില്ല
കുരള കഥിക്കരുതെനോടു നാഥാ
സരസം മുഖമിഹ കാണാകുന്നു
മുഖമല്ലതഹോ ജലമതിലുളവാം
വികസസരോജമതെന്നു വരേണം



www.FirstRanker.com

FirstRanker.com
Firstranker's choice
www.FirstRanker.com www.FirstRanker.com

**29** താഴെ കൊടുത്ത ഗദ്യഭാഗം മൂന്നിലൊന്നായി സംഗ്രഹിക്കുക: **10**

ഇന്ത്യയിൽ ആർഷസംസ്കാരത്തിന്റെ അങ്ങേതലതൊട്ട് ഇങ്ങേത്തലയോളം പരിശോധിച്ചാൽ കാണാം, സ്ത്രീക്ക് പുരുഷനിരപേക്ഷമായ ഒര സ്വതന്ത്രനില ഒരിക്കലും വിധിക്കപ്പെട്ടിട്ടില്ലെന്ന്. ഏറെകുറെ പുരുഷനോടോപ്പം സ്വതന്ത്രതയവകാശപ്പെടാൻ സ്ത്രീകൾക്കു സാധിച്ചിട്ടുണ്ടെങ്കിൽ അതു വക്ഷലതാദീകളുടെയും ജന്തുജാലങ്ങളുടെയുമൊക്കെ തൊട്ടയൽപ്പക്കകാരെന്നു വിച◌ാരിക്കാവുന്ന പണിയാളർകിടയിൽ മാത്രമാണ്. വെട്ടുവസ്ത്രീക്കും പുലയസ്ത്രീക്കും ഉള്ള തന്റേടം മറ്റുള്ള സ്ത്രീകൾക്കു കൈവന്നിട്ടില്ല. ചുരുക്കത്തിൽ ഒന്നേ പറയാനുള്ളു, മാനവസംസ്കാരത്തിന്റെ മേഖലയിൽ വന്നുവിണിട്ടുള്ള എല്ലാ ജനസമൂദായങ്ങൾകുമിടയിൽ കുടുംബം തോട്ടു രാഷ്ട്യം വരെയുള്ള എല്ലാ സംഘടിത സ്ഥാപനങ്ങളിലും പുരുഷന്റെ കോയ്മയാണ് നിലനിന്നിട്ടുള്ളത്.

**30** ഏതെങ്കിലും ഒരു വിഷയത്തെകുറിച്ച് ഉപന്യസിക്കുക: **12**

(i) വനവും പരിസ്ഥിതിയും

(ii) ഗ്രന്ഥപാരായണം

(iii) ജനാധിപത്യ ക്രമം.

---



www.FirstRanker.com